പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2329 — 18.06.2014- ലെ മറുപടിക്ക്

## സേഫ് ഫുഡ് സോണിൽ ഉൾപ്പെട്ട ജില്ലകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. സി. ജോർജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>" എം. വി. ശ്രേയാംസ് കുമാർ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഏതെല്ലാം ജില്ലകളാണ് സേഫ് ഫുഡ് സോണിൽ ഉൾപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കുമോ; | എ) | നിലവിൽ പരിക്ഷണ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ല മാത്രമാണ് സേഫ് ഫുഡ് സോണിൽ ഉൾപ്പെട്ടുത്തിയിട്ടുള്ളത്. |
| ബി) | ഇപ്രകാരം സേഫ് ഫുഡ് സോണിൽ ഉൾപ്പെട്ടിട്ടുള്ള ജില്ലകളിൽ ആരോഗ്യവകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്; | ബി) | വഴിയോരങ്ങളിലും തുറസ്സായ സ്ഥലങ്ങളിലും അനാരോഗ്യകരമായ സാഹചര്യങ്ങളിൽ ഭക്ഷണം വിൽക്കുന്ന തട്ടുകടകൾ, വഴിയോരക്കടകൾ എന്നിവയെ പൊതുജനങ്ങൾ കൂടുതൽ ആശ്രയിക്കുന്നു എന്നുള്ളത് പരിഗണിച്ച് സംസ്ഥാനത്ത് "സുരക്ഷിത ഭക്ഷണമേഖലകൾ" ഉണ്ടാക്കുന്ന പദ്ധതിയുടെ തുടക്കം എന്ന നിലയിൽ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ മെഡിക്കൽ കോളേജ് ആശുപത്രിയുടെ പരിസരം, നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയുടെ പരിസരം ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ പരിസരം തുടങ്ങിയ സ്ഥലങ്ങളിൽ പാചകം ചെയ്ത ഭക്ഷണസാധനങ്ങൾ വിൽക്കുന്നതിന് ശുചിത്വവും വൃത്തിയും ഉള്ള സ്ഥലങ്ങൾ കണ്ടെത്തി ആരോഗ്യകരമായ രീതിയിൽ ഭക്ഷണസാധനങ്ങൾ വിൽക്കുന്നതിനുള്ള സുരക്ഷിതഭക്ഷണമേഖലകൾ നടപ്പാക്കുന്ന പദ്ധതി.<br>മേൽപ്പറഞ്ഞ ആശുപത്രികളുടെ പരിസരങ്ങളിൽ രാവിലെ ആറു മുതൽ 9 വരെ രോഗികൾക്കാവശ്യമായ ആഹാരപദാർത്ഥങ്ങൾ വിൽക്കുന്നത് വൃത്തിഹീനമായ സാഹചര്യത്തിലാണ്. ഈ മേഖലയിൽ ആരോഗ്യവകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങളിൽ വൃത്തിയുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ച് കൊണ്ട് ഭക്ഷണം വിൽക്കുന്ന |

| | | | |
|---|---|---|---|
| | | | ആളുകൾക്ക് മെച്ചപ്പെട്ട ഭൗതിക സാഹചര്യം ഉണ്ടാക്കികൊടുത്ത് രോഗികൾക്ക് സുരക്ഷിത ഭക്ഷണം ലഭ്യമാക്കുകയാണ് ലക്ഷ്യം |
| സി) | ആരോഗ്യ പ്രശ്നങ്ങൾക്കു കാരണമാകുന്ന വിധം രാസവസ്തുക്കൾ തളിച്ച് വിപണനം ചെയ്യുന്നത് നിരുത്സാഹപ്പെടുത്താൻ ബന്ധപ്പെട്ട ആയൽ സംസ്ഥാന ഭരണകൂടങ്ങളുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | രാസപദാർത്ഥങ്ങൾ ഉപയോഗിച്ച് മാമ്പഴം അടക്കമുള്ള പഴങ്ങൾ കൃത്രിമമായി പഴുപ്പിച്ച് അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെ വിപണിയിലെത്തിച്ച് വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ പരിശോധന കർശനമാക്കുകയും അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന മാമ്പഴം ഉൾപ്പെടെ എല്ലാ പഴവർഗ്ഗങ്ങളും കർശനമായ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ നമ്മുടെ സംസ്ഥാനം ഭക്ഷ്യോൽപന്നങ്ങൾക്കായി അന്യസംസ്ഥാനങ്ങളെ കൂടുതലായി ആശ്രയിക്കുന്നതിനാൽ മറ്റുള്ള സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുമായി ഇതു സംബന്ധിച്ച് നിരന്തര ആശയവിനിമയം നടത്തുന്നുണ്ട്, കൂടുതൽ ചർച്ചകൾക്കായി ഒരു സംഘം ഉദ്യോഗസ്ഥർ കർണ്ണാടക, ആന്ധ്രപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ നേരിട്ട് സന്ദർശിച്ച് നടപടികൾ ശക്തമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**